പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 120 — 09.03.2015-ൽ മറുപടിക്ക്

## സമുദ്രമത്സ്യബന്ധന നിയമം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം. ഉമ്മർ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് സമുദ്രമത്സ്യബന്ധന നിയന്ത്രണ നിയമം ലംഘിച്ച് കൊണ്ടുള്ള മത്സ്യബന്ധനം വ്യാപകമാകുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് കേരള മത്സ്യബന്ധന നിയന്ത്രണ നിയമം ലംഘിച്ച് കൊണ്ടുള്ള മത്സ്യബന്ധനം നടത്തുന്ന യാനങ്ങളെ കണ്ടെത്തുന്നതിന് ഫിഷറീസ് വകുപ്പിന്റെ കീഴിൽ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഇങ്ങനെ മത്സ്യബന്ധനം നടത്തുന്ന യാനങ്ങളെ ഇംപൗണ്ട് ചെയ്ത് പിഴ ഈടാക്കുന്നുണ്ട്. |
| (ബി) | മത്സ്യബന്ധനമേഖലയിൽ ട്രാഷ് ഫിഷിംഗ് കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ബി) | മത്സ്യ തീറ്റയായും വളമായും ഉപയോഗിക്കുന്നതിനായി കടലിലെ ചെറുമത്സ്യങ്ങളെ ധാരാളമായി പിടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ അതിനെതിരെ അടിയന്തിര നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർക്കും മറൈൻ എൻഫോഴ്സ്മെന്റ് വിംഗിനും നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ ട്രോൾ ബോട്ടുകളിൽ ഉപയോഗിക്കുന്ന വലയുടെ മിനിമം Mesh size 35 mm ആണ്. 35 mm ൽ കുറഞ്ഞ കണ്ണി വലിപ്പം ഉള്ള വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന മത്സ്യബന്ധനയാനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് കണ്ടുകെട്ടി പിഴ ഈടാക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് മത്സ്യബന്ധന ചട്ടം അനുസരിച്ച് നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ ? | (സി) | കേരള തീരത്ത് മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും മത്സ്യബന്ധനം നിയന്ത്രിക്കുന്നതിനും കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ടും, കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ റൂൾസും നിലവിലുണ്ട്. കൂടാതെ ഉൾനാടൻ മേഖലയിലെ മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും, ലഭ്യത ഉറപ്പാക്കുന്നതിനും, ഉൾനാടൻ മത്സ്യ |

| | | | |
|---|---|---|---|
| | | | മേഖല സംരക്ഷിക്കുന്നതിനും ആവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് 2014-ലെ കേരള ഫിഷ് സീഡ് ആക്ട് പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി മത്സ്യ പ്രജനന കാലമായ ജൂൺ 15 മുതൽ ജൂലായ് 31 വരെ വർഷകാല ട്രോളിംഗ് നിരോധനം നടത്തി വരുന്നുണ്ട്. കൂടാതെ ചെറു മത്സ്യങ്ങളെ പിടിക്കുന്നതും കടത്തുന്നതും ക്രയവിക്രയം നടത്തുന്നതും തടയുന്നതിനും നിരോധിക്കുന്നതിനും അപ്രകാരം പ്രവർത്തിക്കുന്നതിന് പെനാലിറ്റി ചുമത്തുന്നതിനും കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ട് 4-ാം വകുപ്പ് അനുസരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ